ENTRI

Trusted by 1 crore students

# CURRENT AFFAIRS 06 NOV 2023

**അന്താരാഷ്ട്ര ഏകദിന ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ സെഞ്ച്വറി നേടിയ താരം എന്ന സച്ചിൻ ടെണ്ടുൽക്കറിന്റെ റെക്കോഡിന് ഒപ്പമെത്തിയ ഇന്ത്യൻ താരം**

വിരാട് കോഹ്‌ലി

- സച്ചിൻ ടെണ്ടുൽക്കർക്കും വിരാട് കോഹ്‌ലിക്കും നിലവിൽ ഏകദിന ക്രിക്കറ്റിൽ 49 സെഞ്ച്വറികൾ വീതം ഉണ്ട്.



വിരാട് കോഹ്‌ലി

---

**കേരള കൾച്ചറൽ ഫോറം ഏർപ്പെടുത്തിയ 2023 ലെ സത്യൻ അവാർഡിന് അർഹനായ നടൻ**

മനോജ് കെ. ജയൻ

- മലയാള സിനിമയ്ക്കു നൽകിയ സംഭാവനകൾ പരിഗണിച്ചാണ് അവാർഡ്.



മനോജ് കെ. ജയൻ

---

**മുതിർന്ന സിപിഐ(എം) നേതാവ് എം.എം. ലോറൻസിന്റെ ആത്മകഥ**

ഓർമ്മച്ചെപ്പ് തുറക്കുമ്പോൾ




---

**റിസർവ് ബാങ്കിന്റെ പുതിയ എക്സിക്യൂട്ടീവ് ഡയറക്ടറായി നിയമിതനായത്**

മനോരഞ്ജൻ മിശ്ര

---

**2023ലെ ലോക ക്ലബ്ബ് വോളിബോൾ ചാമ്പ്യൻഷിപ്പ് വേദി**

ബംഗളൂരു

- പ്രൈം വോളിബോൾ ചാമ്പ്യന്മാരായ അഹമ്മദാബാദ് ഡിഫൻഡേഴ്സ് ഇന്ത്യയെ പ്രതിനിധാനം ചെയ്ത് ലോക ക്ലബ്ബ് വോളിബോൾ ചാമ്പ്യൻഷിപ്പിൽ മത്സരിക്കും.




---

**അന്താരാഷ്ട്ര ബഹിരാകാശനിലയത്തിൽ (ഐ.എസ്.എസ്.) എലിഭ്രൂണം വളർത്തി ചരിത്രംസൃഷ്ടിച്ച രാജ്യം**

ജപ്പാൻ

- ജപ്പാന്റെ ബഹിരാകാശ ഏജൻസിയായ ജാക്സയുടെ സംഘവും യമാനാഷി സർവകലാശാലാ അഡ്വാൻസ്ഡ് ബയോടെക്നോളജി കേന്ദ്രത്തിലെ പ്രൊഫസർ തെരുഹികോ വകയാമയുൾപ്പെടെയുള്ള ഗവേഷകരുമാണ് പരീക്ഷണംനടത്തിയത്.

---

**ചാറ്റ് ജിപിടി, ഗൂഗിൾ ബാർഡ് എന്നിവയ്ക്കു ബദലായി ഇലോൺ മസ്കിന്റെ എക്സ്എഐ (xAI) എന്ന കമ്പനി അവതരിപ്പിച്ച ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ചാറ്റ്ബോട്ട്**

ഗ്രോക്

